LIBRARY ARCHIVES Kerala Legislative Assembly

ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. 225.3 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഡി.പി.ആർ. സർക്കാർ പരിശോധിച്ചുവരികയാണ്. ഇത് പാറശ്ശാല, കാട്ടാക്കട, അരുവിക്കര, നേമം എന്നിങ്ങനെ നാല് മണ്ഡലങ്ങളിലൂടെ പോകുന്ന റോഡാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി വി. ശിവൻകുട്ടിയും ബഹുമാനപ്പെട്ട എം.എൽ.എ. ഐ. ബി. സതീഷും മറ്റ് രണ്ട് മണ്ഡലങ്ങളിലെ എം.എൽ.എ.-മാരും ഈ റോഡിന്റെ വിഷയം ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. റോഡ് വികസനം ചർച്ച ചെയ്യാൻ പ്രത്യേക യോഗം വിളിക്കണമെന്ന ആവശ്യവും പരിഗണനയിലുണ്ട്.

(4) ഹൗസ് ബോട്ട് മേഖലയിലെ പ്രതിസന്ധി

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ടൂറിസം രംഗത്തെ പ്രധാനപ്പെട്ട മേഖലയാണ് ഹൗസ് ബോട്ട് ടൂറിസം. ഏകദേശം ആയിരത്തിനുമേൽ ഹൗസ് ബോട്ടുകളും നാന്നൂറോളം വരുന്ന ശിക്കാരി ബോട്ടുകളിലുമായി അയ്യായിരത്തോളം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. അതോടൊപ്പം ഇതിന്റെ അനുബന്ധ മേഖലയിൽ പ്രവർത്തിക്കുന്ന ആയിരക്കണക്കിന് ആളുകൾക്കുകൂടി തൊഴിൽ ലഭിക്കുന്ന ഈ മേഖല കടുത്ത പ്രതിസന്ധിയിലാണെന്ന് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. കഴിഞ്ഞ ഏഴ് മാസത്തോളമായി പൂർണ്ണമായും ടൂറിസ്റ്റുകളൊന്നുമില്ലാതെ ഹൗസ് ബോട്ടുകളൊന്നും ഓടുന്നില്ല. ഇവരെ പുനരുജ്ജീവിപ്പിക്കണമെങ്കിൽ തീർച്ചയായും ഒരു അടിയന്തര സഹായമുണ്ടാകണം. അതിനായി മെയിന്റനൻസുൾപ്പെടെ പല കാര്യങ്ങളും ചെയ്യേണ്ടതുണ്ട്. അതുകൊണ്ട് ഇവർക്ക് സാമ്പത്തികസഹായം നൽകുന്നതിനായി ഒരു പ്രത്യേക പാക്കേജിനെക്കുറിച്ച് ആലോചിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വിദേശ ടൂറിസ്റ്റുകളുടെ വരവ് വളരെ വൈകുന്ന സാഹചര്യത്തിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുതന്നെ കൂടുതൽ ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കുന്ന നിലയിലുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടിയിരിക്കുന്നു. മറ്റൊരു പ്രധാനപ്പെട്ട പ്രശ്നമാണ് മാലിന്യ സംസ്കരണം. മാലിന്യം സംസ്കരിക്കുന്നതിനായി ഒരു ആധുനിക കേന്ദ്രീകൃത സ്വീവേജ് പ്ലാന്റ് പുന്നമട ഫിനിഷിംഗ് പോയിന്റിൽ സ്ഥാപിക്കാൻ നടപടിയുണ്ടാകണം. സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു ഫയർ സ്റ്റേഷൻ ഫിനിഷിംഗ് പോയിന്റിൽ നിർമ്മിക്കുന്നത് ഏറ്റവും ആവശ്യമാണ്. ഇതുമായി ബന്ധപ്പെട്ട ഫ്യൂവൽ ഫില്ലിംഗിന്റെ ഒരു സ്റ്റേഷൻ ഈ ഫിനിഷിംഗ് പോയിന്റിൽ സ്ഥാപിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കണം.

തുറമുഖ വകുപ്പിലെ ചില ഉദ്യോഗസ്ഥർ ഈ മേഖലയെ പീഡിപ്പിക്കുകയാണ്. ഹൗസ് ബോട്ട്, ശിക്കാരി ബോട്ട് എന്നിവയുടെ ലൈസൻസ്, പെർമിറ്റ് എന്നിവയെല്ലാം പുതുക്കുന്നത് തുറമുഖ വകുപ്പിലാണ്. അവർ പലപ്പോഴും പല തൊടുന്യായങ്ങൾ

പറഞ്ഞ് വലിയ പ്രയാസം അനുഭവിപ്പിക്കുകയാണ്. വ്യവസായ മേഖലയിലടക്കം നടപ്പാക്കുന്ന സമഗ്ര പദ്ധതികളുടെ മാതൃകയിൽ ടൂറിസം മേഖലയുടെ വളർച്ച ലക്ഷ്യമാക്കി ടൂറിസം വകുപ്പ് ഇക്കാര്യത്തിൽ ഇടപെടൽ നടത്തണമെന്നും ടൂറിസം-തുറമുഖ വകുപ്പുകൾ ചേർന്നുകൊണ്ടുള്ള ഒരു ഏകജാലക സംവിധാനത്തിലൂടെ ഈ മേഖലയെ സംരക്ഷിക്കണമെന്നും ഈ രംഗത്തെ രക്ഷിക്കുന്നതിന് അടിയന്തര നടപടി ഉണ്ടാകണമെന്നും അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം പി. പി. ചിത്തരഞ്ജൻ ഉന്നയിച്ച വിഷയം വളരെ പ്രസക്തമാണ്. കോവിഡ് മഹാമാരി ലോകമാകെ വൻ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. വിനോദസഞ്ചാര മേഖലയിൽ കോവിഡ് ഉണ്ടാക്കിയ ആഘാതം കഴിഞ്ഞ ദിവസങ്ങളിലെല്ലാം ചർച്ച ചെയ്തതാണ്. അതിൽ ഹൗസ് ബോട്ടുകൾ നേരിടുന്ന പ്രശ്നങ്ങളും ഉയർന്നുവന്നിരുന്നു. സർക്കാരിന്റെ പുതിയ ഉത്തരവുപ്രകാരം താമസ സൗകര്യമൊരുക്കുന്ന ടൂറിസം സംവിധാനങ്ങൾ തുറക്കുവാനും തുറസ്സായ ടൂറിസം കേന്ദ്രങ്ങൾ തുറക്കുവാനും അനുവാദം നൽകി യിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഹൗസ് ബോട്ടുകൾക്കും നിലവിൽ പ്രവർത്തിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. ആലപ്പുഴയിലുൾപ്പെടെ ഹൗസ് ബോട്ടുകൾക്ക് അനുമതി നൽകിത്തുടങ്ങിയിട്ടുണ്ട്. ബയോ ബബിൾ അടിസ്ഥാനത്തിലാണ് ഹൗസ് ബോട്ടുകളിൽ പ്രവേശനം അനുവദിക്കുന്നത്. ഒരു ഡോസെങ്കിലും വാക്സിനേഷൻ സ്വീകരിച്ച അതിഥികൾ, വാക്സിനേഷനെടുത്ത ഡ്രൈവർമാർ ഓടിക്കുന്ന വാഹനത്തിൽ, വാക്സിനേഷൻ ചെയ്ത ജീവനക്കാരുള്ള റിസോർട്ട്, ഹോട്ടൽ, ഹൗസ് ബോട്ടുകൾ തുടങ്ങിയ സ്ഥലങ്ങളിൽ പോകുന്നതിനായി ബയോ ബബിൾ സംവിധാനമാണ് നടപ്പാക്കുന്നത്. ഈ പ്രവൃത്തിയിലൂടെ ടൂറിസം മേഖലയ്ക്ക് ഉണർവുണ്ടാക്കുന്ന ഓണ സീസണിൽ ഹൗസ് ബോട്ട് മേഖലയെ സഹായിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ടൂറിസം മേഖലയിൽ തൊഴിലെടുക്കുന്നവരെ സഹായിക്കുന്നതിനുള്ള റിവോൾവിംഗ് ഫണ്ട് പദ്ധതിക്ക് ടൂറിസം വകുപ്പ് രൂപം നൽകിയിട്ടുണ്ട്. ഇത് പ്രാബല്യത്തിൽ വരുമ്പോൾ ഹൗസ് ബോട്ട് ജീവനക്കാർക്കും ശിക്കാരി വള്ളങ്ങളിലുള്ളവർക്കും ഇതിന്റെ ഗുണം ലഭിക്കും. സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുമായി സഹകരിച്ച് ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സ്കീം എന്നപേരിൽ വായ്പാ പദ്ധതി സർക്കാർ നടപ്പാക്കിയിട്ടുണ്ട്. ഇതോടൊപ്പം വിനോദസഞ്ചാര മേഖലയിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് കേരള ബാങ്കുവഴി 30,000/- രൂപ വരെയുള്ള വായ്പ ലഭ്യമാക്കുന്ന ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീമും നടപ്പാക്കി. കോവിഡിന്റെ ആദ്യ തരംഗത്തെ തുടർന്നതന്നെ ഈ രംഗത്തുള്ളവരുടെ സംരക്ഷണാർത്ഥം ഒറ്റത്തവണ ധനസഹായ പദ്ധതിയായ ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം നടപ്പാ

LIBRARY ARCHIVES Kerala Legislative Assembly

ക്കിയിരുന്നു. ഈ പദ്ധതിയനുസരിച്ച് 261 ഹൗസ് ബോട്ടുകൾക്ക് സഹായധനമായി 1,60,80,000 രൂപ അനുവദിച്ചു. ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം ഈ വർഷവും തുടരാൻ അനുമതി നൽകിയിട്ടുണ്ട്.

(5) റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ

ശ്രീ. രമേശ് ചെന്നിത്തല: സർ, സംസ്ഥാനത്തെ റേഷൻ വ്യാപാരികൾ കടുത്ത പ്രതിസന്ധിയിലാണ്. സൗജന്യ ഭക്ഷ്യക്കിറ്റ് നൽകിയ വകയിൽ റേഷൻ വ്യാപാരികൾക്ക് പത്ത് മാസമായി കമ്മീഷൻ ലഭിക്കുന്നില്ല. ഏകദേശം 14300-ഓളം റേഷൻ വ്യാപാരികൾക്ക് 45 കോടി രൂപയിലധികം ലഭിക്കാനുണ്ടെന്നാണ് മനസ്സിലാകുന്നത്. കടുത്ത സാമ്പത്തിക ബുദ്ധിമുട്ടും പ്രയാസവുമാണ് റേഷൻ വ്യാപാരികൾ നേരിടുന്നത്. റേഷൻ വ്യാപാരികളുടെ സംസ്ഥാന പ്രസിഡന്റ് ശ്രീ. ജോണി നെല്ലൂരിന്റെ നേതൃത്വത്തിൽ പ്രത്യക്ഷ സമരപരിപാടികൾ ആവിഷ്കരിക്കുമെന്ന് ഗവൺമെന്റിനെ അറിയിച്ചിട്ടുള്ളതാണ്. കിറ്റ് വിതരണത്തിന്റെ ആദ്യമാസങ്ങളിൽ കിറ്റ് ഒന്നിന് 7 രൂപയും പിന്നീടുള്ള മാസങ്ങളിൽ 5 രൂപയും വീതമാണ് റേഷൻ വ്യാപാരികൾക്ക് നൽകിക്കൊണ്ടിരുന്നത്. കഴിഞ്ഞ പത്ത് മാസമായി ഇത് നൽകുന്നില്ല. പ്രതിമാസം 85 ലക്ഷത്തിലധികം വരുന്ന റേഷൻ കാർഡ് ഉടമകൾക്ക് യാതൊരു പരാതിക്കും ഇടവരാതെ റേഷൻ വ്യാപാരികൾ കിറ്റുകൾ വിതരണം ചെയ്യുകയാണ്. പല റേഷൻ കടകളിലും സ്ഥല സൗകര്യമില്ലാത്തതുകൊണ്ട് വാടകയ്ക്ക് എടുത്ത സ്ഥലങ്ങളിൽ കിറ്റുകൾ സൂക്ഷിക്കുന്നതും ഇവർക്ക് അധിക സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുന്നുണ്ട്. മാത്രമല്ല, ഇ-പോസ് മെഷീന്റെ സെർവർ തകരാറുമൂലം വലിയ പ്രശ്നങ്ങൾ നേരിടുകയും പലപ്പോഴും റേഷൻ വിതരണം മുടങ്ങുന്ന സ്ഥിതിയുമുണ്ടാകുന്നുണ്ട്. ഇതുമൂലം നാട്ടുകാരും റേഷൻ കടക്കാരും തമ്മിൽ തർക്കങ്ങളും പ്രശ്നങ്ങളും ഉണ്ടാകുന്നുണ്ട്. എല്ലാ മാസങ്ങളിലും ചൂരുങ്ങിയത് ആറേഴ് ദിവസമെങ്കിലും ഈ തകരാർ ഉണ്ടാകുമെന്നാണ് റേഷൻ വ്യാപാരികൾ പറയുന്നത്. റേഷൻ കാർഡ് ഉടമകളും റേഷൻ വ്യാപാരികളും തമ്മിലുണ്ടാകുന്ന തർക്കം ഒരു നിത്യസംഭവമായി മാറിയിരിക്കുന്നു. ഈ പ്രതിസന്ധി പരിഹരിച്ച് സുഗമമായ റേഷൻ വിതരണം സാധ്യമാക്കാനുള്ള നടപടി കൂടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. ആഗസ്റ്റ് മാസം 18-ാം തീയതിക്കുള്ളിൽ എല്ലാ റേഷൻ കാർഡ് ഉടമകൾക്കും ഓണക്കിറ്റ് നൽകുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നെങ്കിലും 20 ശതമാനം കിറ്റുകൾപോലും റേഷൻ കടകളിൽ എത്തിയിട്ടില്ല. ആളുകൾ റേഷൻ കടയിൽ വരുമ്പോൾ കിറ്റ് ഇല്ലാത്തതുകൊണ്ട് സംഘർഷങ്ങൾ ഉണ്ടാകുന്നുവെന്ന പരാതിയും ഉയർന്നുവരുന്നുണ്ട്. കോവിഡുമൂലം മരണപ്പെട്ട 55 റേഷൻ കടക്കാർക്ക് നഷ്ടപരിഹാരം നൽകിയില്ലെന്ന പരാതിയും നിലനിൽക്കുകയാണ്. ഭക്ഷ്യ വകുപ്പുമന്ത്രി മാത്രം വിചാരിച്ചാൽ ഇതിന് പരിഹാരം

LIBRARY ARCHIVES Kerala Legislative Assembly